**പ്ലാച്ചിമട സമരം 2500 ദിവസം പിന്നിട്ട സാഹചര്യത്തിൽ കുട്ടി അഹമ്മദ് കുട്ടി എം. എൽ.എ നിയമസഭയിൽ ഉന്നയിച്ച സബ്മിഷനും അതിനോടുള്ള മുഖ്യമന്ത്രിയുടെ മറുപടിയും.**

### കുട്ടി അഹമ്മദ് കുട്ടി

കൊക്കകോള കമ്പനിയുടെ പ്രവർത്തനംമൂലം പ്ലാച്ചിമടയിലെ മണ്ണും ജലവും മലിനപ്പെട്ടു. കമ്പനി ഇപ്പോൾ പ്രവർത്തിക്കുന്നില്ലെങ്കിലും പ്രവർത്തിച്ചകാലത്തെ അമിത ജല ചൂഷണം മൂലം രൂക്ഷമായ ജലക്ഷാമം ഉണ്ടായിരിക്കുകയാണ്. കുടിക്കാൻ വെള്ളമില്ല. ഉള്ള വെള്ളമാകട്ടെ കമ്പനി പുറത്തുവിട്ട രാസമാലിന്യങ്ങൾ കലർന്ന് ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യമാണ്.

കോളകളിൽ ശരീരത്തെ ബാധിക്കുന്ന വിഷാംശം മാത്രമല്ല, നമ്മുടെ സമൂഹത്തെയാകെ ബാധിക്കുന്ന അധിനിവേശത്തിന്റെ വിഷാംശമുണ്ട്. ശാരീരികവും സാംസ്കാരികവും സാമ്പത്തികവും എല്ലാമായ വിഷാംശങ്ങൾ ബഹു. മുഖ്യമന്ത്രി പ്രതിപക്ഷ നേതാവായിരുന്നപ്പോൾ പറഞ്ഞിരുന്നതാണ്. മുഖ്യമന്ത്രി ഇപ്പോൾ മുമ്പു പറഞ്ഞതിൽ ഉറച്ചുനില്ക്കുന്നുണ്ടോ എന്നറിയാൻ ആഗ്രഹമുണ്ട്.

അമിതജല ചൂഷണവും ജലമാലിന്യവും കാരണം കുടിവെള്ളം കിട്ടാതെ വിഷജലം കുടിക്കാൻ നിർബന്ധിതരായ ഈ പ്രദേശത്തെ ജനങ്ങൾക്ക് നഷ്ടപരിഹാരം നല്കണം. നഷ്ടം കണക്കാക്കാൻ ഉണ്ടാക്കുമെന്ന് പറഞ്ഞ കമ്മിറ്റി ഇതുവരെ ഉണ്ടാക്കിയിട്ടില്ല. പ്രസ്തുത കമ്മിറ്റി ഉടനെയുണ്ടാക്കി ദുരിതമനുഭവിക്കുന്ന ജനങ്ങൾക്കു നഷ്ടപരിഹാരം നല്കണം. കൊക്കകോള കമ്പനി എന്നെന്നേക്കുമായി പൂട്ടിക്കാൻ സുപ്രീംകോടതിയിലെ ഇതുസംബന്ധമായ കേസ് നന്നായി നടത്തണം. മണ്ണും ജലവും ചൂഷണം ചെയ്യുന്ന കമ്പനികളെ നിയന്ത്രിക്കാനും നിരോധിക്കാനും ഗവൺമെന്റിന് അധികാരം ഉണ്ടാകുന്നതിന് ആവശ്യമായ നിയമഭേദഗതി ജലനിയമത്തിലും പഞ്ചായത്ത് മുനിസിപ്പാലിറ്റി നിയമങ്ങളിലും കൊണ്ടുവരാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം.

### മുഖ്യമന്ത്രിയുടെ മറുപടി

പ്ലാച്ചിമടയിലെ കൊക്കക്കോള കമ്പനിയുടെ പ്രവർത്തനംമൂലമുണ്ടാകുന്ന പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റി ഒരു സബ് കമ്മിറ്റിയെ നിയോഗിക്കുകയും അവർ ചില നിർദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. ആ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ പ്ലാച്ചിമട പ്രദേശത്തെ കൃഷി, അവിടത്തെ ജനങ്ങളുടെ ആരോഗ്യം, ജലമാലിന്യങ്ങൾ എന്നിവയെകുറിച്ച് വിശദമായ ഒരു പഠനം ആവശ്യമാണെന്നും അതിനായി വിവിധ വകുപ്പുകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കാനും തീരുമാനിക്കുകയുണ്ടായി. ഈ വിദഗ്ധ സമിതി തയ്യാറാക്കുന്ന റിപ്പോർട്ട് മന്ത്രിസഭയുടെ പരിഗണനക്കു സമർപ്പിക്കാൻ ജലവിഭവ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ദുരിതബാധിതരുണ്ടെങ്കിൽ അവർക്ക് സഹായം നൽകുന്ന കാര്യം തീരുമാനിക്കുന്നതാണ്.

ശുദ്ധജല സ്രോതസ്സുകളും മണ്ണും മറ്റും മലിനപ്പെടും തരത്തിലുള്ള പ്രവർത്തികൾ നടത്തുന്നത് തടയുന്നതിനും ആവശ്യമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനുമാണ് കേരള ഭൂജലനിയന്ത്രണവും ക്രമീകരണവും ആക്ട് 2002ന് രൂപം നൽകിയത്. അതനുസരിച്ച് ജില്ലാ കളക്ടർമാർക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. എന്നാൽ ദുരിതബാധിതർക്ക് നഷ്ട്ടപരിഹാരം നൽകുന്നതിന് ഈ ആക്ടിൽ വ്യവസ്ഥകളൊന്നുമില്ല.

**ι വീണ്ടും വായനയ്ക്ക്** **പി.യു.സി.എൽ. ബുള്ളറ്റിൻ മാർച്ച്**

## അപകടമുയർത്തുന്ന മാലിന്യസംസ്കരണം

മാലിന്യത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു എന്ന പേരിൽ കൊച്ചിൻ പോർട്ടിൽ സ്ഥാപിക്കാൻ പോകുന്നത് അപകടകരമായ മാലിന്യങ്ങൾ കത്തിക്കുന്ന ചൂളയാണെന്ന് (ഇൻസിനറേറ്റർ), പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസും പെരിയാർ മലിനീകരണ വിരുദ്ധ സമിതിയും സംയുക്തമായി നടത്തിയ പ്രാഥമിക അന്വേഷണത്തിൽ വ്യക്തമാകുന്നു.

കൊച്ചിൻ ചേംബർ ഓഫ് കോമേഴ്സിന്റെ മേൽനോട്ടത്തിൽ വില്ലിംഗ്ഡൺ ഐലന്റിലാണ് ഇൻസിനറേറ്റർ സ്ഥാപിക്കുന്നത്. ന്യൂയോർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന വേയ്സ്റ്റു ടു എനർജി എന്ന സ്ഥാപനവും കാക്കനാട് ആസ്ഥാനമായുള്ള ടീം സസ്റ്റൈൻ എന്ന സ്ഥാപനവും സംയുക്തമായാണ് ഈ പ്രോജക്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ക്ലീൻ ഡവലപ്മെന്റ് (സി.ഡി.എം ശുദ്ധ വികസന സമീപനം)-ന്റെ ഭാഗമായി കാർബൺ ക്രെഡിറ്റിംഗിന്റെ മറവിൽ വൻതുക തട്ടിയെടുക്കാനുള്ള കുത്സിത ശ്രമമമാണ് ഇതിനുപിന്നിലുള്ളത്. മറിച്ച് വേയ്സ്റ്റ് മാനേജ്മെന്റ് എന്നു പറയുന്നത് ശുദ്ധ തട്ടിപ്പാണ്. ഈ പ്രോജക്ട് ഇവരുടെ ആദ്യസംരംഭമാണെന്നും ഇരു കമ്പനികളുടേയും ബോർഡ് ഓഫ് ഡയറക്ടേഴ്സും ഒന്നുതന്നെയാണെന്നും ഏറെ സംശയം ഉളവാക്കുന്നു.

മുനിസിപ്പൽ സോളഡി വെയ്സ്റ്റിന്റെ മറവിൽ കൊച്ചിൻ പോർട്ടിൽ വരുന്ന ഓയിൽ സ്ലഡ്ജും, പ്ലാസ്റ്റിക്, റബ്ബർ, ടയർ, കയർ ഉൾപ്പെടെയുള്ള അപകടകരങ്ങളായ മാലിന്യങ്ങളാണ് ഈ ചൂളയിൽ കത്തിക്കുക. ഇത്തരം മാലിന്യങ്ങൾ എത്ര ഉയർന്ന ഊഷ്മാവിൽ കത്തിച്ചാലും ഡയോക്സിൻ അടക്കമുള്ള മാരക വിഷസംയുക്തങ്ങൾ പുറന്തള്ളപ്പെടം എന്നതുകൊണ്ട് കൊച്ചി പരിസരവാസികളിൽ കാൻസർ ഉൾപ്പെടെയുള്ള ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളാണ് സൃഷ്ടിക്കാൻ പോകുന്നത്. മാത്രമല്ല അവശിഷ്ടമായി വരുന്ന ഫ്ളൈ ആഷ് മറ്റൊരു മാലിന്യപ്രശ്നമായി മാറും.

മുനിസിപ്പൽ സോളിഡ് വെയ്സ്റ്റിന്റെ മറവിൽ അപകടകരങ്ങളായ മാലിന്യങ്ങൾ കത്തിക്കുന്നത് 14–10–2003ലെ അപകടകരങ്ങളായ മാലിന്യങ്ങളെ സംബന്ധിച്ച സുപ്രീംകോടതി വിധിയുടെ നഗ്നമായ ലംഘനംകൂടിയാകും. മേൽസൂചിപ്പിച്ച പ്രോജക്ട്. ഇതിനിടെ ഇതിന്റെ അനുമതി പത്രത്തിനായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ കൊച്ചി ഓഫീസിൽ കൊടുത്ത അപേക്ഷ കൂടുതൽ പരിശോധനക്കായി തിരുവനന്തപുരത്തേക്ക് അയച്ചിരിക്കുകയാണെന്ന് ചീഫ് എൻവയോൺമെന്റൽ എഞ്ചിനീയർ മൈഥിലിയും വ്യക്തമാക്കിയിട്ടുണ്ട്.